


# നൈവേദ്യം



# താളുകൾ മറിയുമ്പോൾ

പ്രകൃതി സംരക്ഷണം
പ്രകൃതിയും മനു,ഷ്യനും
മാതൃ വന്ദനം
തമോഗർത്തം
ഭൂമി പിന്നിലേക്ക് കറങ്ങുമ്പോൾ
പണ്ടത്തെ പാട്ടുകൾ
രാജ്ജുവിന്റെ തന്ത്രം
കുറുനരിയും കുരങ്ങനും
ഐകമത്യം മഹാബലം






# പ്രകൃതി സംരക്ഷണം

സ്വാഭാവികമായി നിലനിൽക്കുന്ന പ്രകൃതിയെ സംരക്ഷിക്കുന്നതിനായി ചെയ്യുന്ന പ്രവർത്തികളെയാണ് പ്രകൃതി സംരക്ഷണം എന്നത് കോണ്ട് അർത്ഥമാക്കുന്നത്. പ്രകൃതി നമ്മുടെ അമ്മയാണ്. ജലവും, ജീവജാലങ്ങളും, മരങ്ങളും, പൂക്കളുമുള്ള സുന്ദരമായ പ്രകൃതിയെ മനുഷ്യൻ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ജനങ്ങളുടെ അശ്രദ്ധമായ പ്രവർത്തികൾ പ്രകൃതിവിഭവങ്ങളുടെ അമിത ഉപയോഗം. ജനസംഖ്യവർദ്ധനവ്, നഗരവത്കരണത്തിന്റെ പേരിൽ മനുഷ്യൻ കാട്ടിക്കൂട്ടുന്ന പലതരം മലിനീകരണ പ്രവർത്തനങ്ങൾ എന്നിവ പ്രകൃതിയിൽ മാറ്റം വരുത്തുന്നു. വനങ്ങൾ നശിപ്പിച്ചും, വന്യമൃഗങ്ങളെ വേട്ടയാടിയും, വയലുകൾ നികത്തിയും, കുന്നുകൾ ഇടിച്ചും മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുന്നു.

അങ്ങനെ ഭൂമിയുടെ സന്തുലിതാവസ്ഥതയുടെ താളം തെറ്റുമ്പോൾ പ്രകടതിക്ഷോഭങ്ങൾ ഉണ്ടാകുന്നു. ഇതിൽ നിന്നും മോചനം. ഉണ്ടാവാണമെങ്കിൽ നാം പ്രകൃതിയെ സംരക്ഷിച്ചേ മതിയാകൂ. നമ്മുടെ ജീവിതകാലത്ത് ഒരു മരം എങ്കിലും നാം വെച്ചു പിടിപ്പിക്കണം. നമ്മുടെ പരിസ്ഥിതിയും പ്രകൃതിവിഭവങ്ങളും വരും തലമുറയ്ക്ക് കൂടി അവകാശപ്പെട്ടതാണ് എന്ന് നാം മനസ്സിലാക്കണം. വരൂ നമുക്ക് പ്രകൃതിയിലെ വൃക്ഷങ്ങളും ചെടികളുമൊക്കെ സംരക്ഷിക്കാം.



## പ്രകൃതിയുംമനുഷ്യനും

ആകാശം,വായു,ജലം,മണ്ണ്,ഭൂമി ഇവചേർന്നതാണ് പ്രകൃതി .പ്രകൃതി നമ്മുടെ അമ്മയാണ് മനുഷ്യർ  പ്രകൃതിയുടെ ഒരു ഭാഗം തന്നെയാണ്. ജീവജാലങ്ങളെ പോലെതന്നെ പ്രകൃതിയിൽ നിന്ന് വേറിട്ടൊരു നിലനിൽപ്പ് മനുഷ്യന് സാധ്യമല്ല. പക്ഷേ പ്രകൃതിയെ മനുഷ്യൻ സംരക്ഷിക്കുന്നതിനു പകരം ആധിപത്യം സ്ഥാപിക്കാനാണ് ശ്രമിക്കുന്നത് .പലതരത്തിൽ നമ്മൾ പ്രകൃതിയെ നശിപ്പിച്ചുകൊണ്ടെരിക്കുന്നു. കുന്ന് ഇടിച്ചും വഴി നികത്തിയും ജലസ്രോതസ്സുകൾ മലിനീകരിച്ചും പ്ലാസ്റ്റിക് മാലിന്യകൾ നിക്ഷേപിച്ചും കത്തിച്ചും നമ്മൾ പ്രകൃതിയെ നശിപ്പിച്ചുകൊണ്ടേയിരിക്കുന്നു. പക്ഷെ ഒരു കാലത്തും പ്രകൃതിയെ നമ്മൾക്ക് തോൽപ്പിക്കാനാവില്ല. പ്രകൃതി തിരിച്ച് അടിക്കുക തന്നെ ചെയ്യും. പ്രകൃതി ദുരന്തങ്ങളായും വൈറസുകളായും പ്രകൃതി മനുഷ്യനെതിരെ തിരിച്ചടിക്കും. ഇപ്പോൾ തന്നെ കണ്ണുകൾ കൊണ്ടുപോലും കാണാൻ കഴിയാത്ത വൈറസിനെതിരെ ലോകമെമ്പാടും വിറച്ചുനിൽക്കുകയാണ്. ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിനു ആളുകളെ ഇത് കൊന്നൊടുക്കിയിരിക്കുന്നു. ഇതു നമുക്ക് ഒരു പാഠം തന്നെയാണ്. പ്രകൃതിക്ക് മുമ്പിൽ മനുഷ്യൻ ഒന്നുമല്ല എന്ന വലിയൊരു പാഠം പഠിപ്പിക്കുന്നു. അതുകൊണ്ട് പ്രകൃതിയോടൊപ്പം നിന്ന് സഹജീവികളെ സ്നേഹിച്ചും സംരക്ഷിച്ചും നമുക്ക് ജീവിക്കാം. എല്ലാ ജീവികൾക്കും നന്മകൾ മാത്രം നൽകി ഇനി ഉള്ള തലമുറകൾ മുന്നോട് പോകട്ടെ എന്ന് ആശംസിച്ചുകൊണ്ട് നിർത്തുന്നു നന്ദി നമസ്കാരം .

-സായ്കൃഷ്ണ



# മാതൃവന്ദനം

വന്ദിപ്പാൻ മാതാവിനെ  വന്ദിപ്പാൻ മാതാവിനെ
വന്ദിപ്പാൻ വരേണ്യയെ  വന്ദിപ്പാൻ വരദയെ
എത്രയും തപശ്ശക്തി പൂണ്ട ജാമദഗ്ന്യന്നു
സത്രാജിത്തിനു പണ്ടു സഹസ്രകരൻ പോലെ
പശ്ച്ചിമരത്നാകരം പ്രീതിയാൽ ദാനം ചെയ്ത
വിശ്വൈകമഹാരത്നമല്ലീ നമ്മുടെ രാജ്യം?
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ സമുദ്രാത്മഭൂവാമീ ശ്രീദേവിയെ
പച്ചയാം വിരിപ്പിട്ട സഹ്യനിൽ തല വെച്ചും
സ്വച്ഛാബ്ധിമണൽത്തിട്ടാം പാദോപധാനം

# തമോഗർത്തം

പണ്ടുമുതല്ലെ മനുഷ്യരാശിയിൽ വളരെ വലിയ സ്വാധീനം ചലുത്തിയ ഒന്നാണ്  ബഹിരാകാശം.ശാസ്ത്രസാംസ്കാരിക മേഖലകളിൽ  ഇതു കാണാം. ഇതിൽ ഇതുവരെ മനസ്സിലാക്കാൻ കഴയാത്ത ഒരു പ്രതിഭാസമാണ് തമോഗർത്തങ്ങൾ.വിചിത്രമായ ര്രൂപീകരണവും സ്വഭാവസവിശേഷതകളും ഉള്ള ഇവ മനുഷ്യരെ ജിജ്ഞാസാഭരിതരാക്കുന്നു.നക്ഷത്രങ്ങളിൽ ഊർജോൽപാദനം നടക്കുന്നത് ഹൈഡ്രജൻ മൂലകത്തിന്റെ ന്യൂക്ലിയാർ ഫിഷൻ എന്ന പ്രവർത്തനംവഴിയാണ് .സൂര്യന്റെ പിണ്ഡത്തിനെക്കാളും മൂന്ന് മടങ്ങ്  ഭാരമുള്ള നക്ഷത്രങ്ങൾ അവയുടെ ഇന്ധനം(ഹൈഡ്രജൻ) തീരുമ്പോൾ സ്വന്തം ഗുരഗത്വാകർഷണബലം കാരണം അകത്തേക്ക് ചുരുങ്ങി പോകുന്നു.ഇത്  അതിനടുത്തുള്ള സ്ഥലകാലട്ടുതുണിയെ അനന്തമായ ഗർത്തമായി ചുരുക്കുന്നു.സ്റ്റീഫൻ ഹോക്കിങ്സ്,ആൽബെർട്ട് ഐൻസ്റ്റീൻ എന്നിവർ ഈ മേഖലയിൽ പ്രവർത്തിച്ചവരാണ്

# ഭൂമി പിന്നിലേക്ക് കറങ്ങുകയാണെങ്കിൽ?

പ്രിയ സുഹൃത്തുക്കളെ, ഭൂമി അതിന്റെ സൃഷ്ടി കാലം മുതൽ പടിഞ്ഞാറ് നിന്ന് കിഴക്കോട്ട് അതിന്റെ അച്ചുതണ്ടിൽ കറങ്ങിക്കൊണ്ടിരിക്കുകയാണെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാം. നമ്മൾ ഉത്തരധ്രുവത്തിൽ നിന്ന് നോക്കിയാൽ, ഭൂമി എതിർ ഘടികാരദിശയിൽ കറങ്ങുന്നു. പിന്നിലേക്ക് കറങ്ങിയാൽ എന്ത് സംഭവിക്കുമെന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഭൂമി അതിന്റെ അച്ചുതണ്ടിൽ മണിക്കൂറിൽ 1674 കിലോമീറ്റർ വേഗതയിൽ കറങ്ങുന്നത് നമുക്ക് കാണാൻ കഴിയും. ഭൂമി രൂപപ്പെട്ടപ്പോൾ നാലോ അഞ്ചോ മണിക്കൂർ കൊണ്ട് ഒരു ഭ്രമണം പൂർത്തിയാക്കും. ചന്ദ്രൻ നയിക്കുന്ന വേലിയേറ്റങ്ങളുമായി ബന്ധപ്പെട്ട ഘർഷണ ഫലങ്ങൾ കാരണം ഭൂമിയുടെ ഭ്രമതിൻ്റെ വേഗത കുറയ്ക്കുന്നു
ഭാവിയിൽ ഭൂമി സവതാനതിൽ നിക്കുകയും അതു കിഴക്കുനിന്നും പടിഞ്ഞാറ് ദിക്കിലക്കു ഭ്രമണം ചെയ്യിതൽ എന്തു സംഭവിക്കും നമ്മുക്കു നോക്കാം

സൂര്യൻ കിഴക്കേ ദിക്കിൽ ഉദിക്കുകയും പടിഞ്ഞാറേ ദിക്കിൽ അസ്തമിക്കുകയും ചെയ്യുമെന്ന് നമുക്കറിയാം. ചന്ദ്രനും പടിഞ്ഞാറ് ഉദിക്കുകയും കിഴക്ക് അസ്തമിക്കുകയും ചെയ്യുന്നു. മാക്സ് പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെറ്റീരിയോളജി ഈ പ്രക്രിയയെക്കുറിച്ച് പഠിക്കുകയും ഇത് നമ്മുടെ കാലാവസ്ഥയെയും സമുദ്ര പ്രവാഹങ്ങളെയും ചൂടുള്ള കാറ്റിന്റെ ദിശയെയും ബാധിക്കുമെന്ന് മനസിലക്കി. ഭൂമി പിന്നിലേക്ക് കറങ്ങുകയാണെങ്കിൽ, അറ്റ്ലാന്റിക് സമുദ്രത്തിൽ സംഭവിക്കുന്ന സമുദ്ര പ്രവാഹം പസഫിക് സമുദ്രത്തിലക്കു മാറും, പസഫിക് സമുദ്രത്തീൻ്റെ നീളം കരണം പ്രവാഹത്തിന്റെ ശക്തി വർദ്ധിക്കുകയും സ്വാഭാവികമായും ചൂട് കാറ്റിന്റെ തീവ്രത വർദ്ധിക്കുകയും ചെയ്യും. ഇത് ഭൂഖണ്ഡങ്ങളിൽ പല മാറ്റങ്ങളും ഉണ്ടാകും.

--

- ലിൻസ്

# രാജുവിന്റെ തന്ത്രം

രാജു സമർത്ഥനായ ഒരു
കുട്ടിയായിരുന്നു.
ഒരിക്കൽ അവനൊരു
പഴ
വില്പനക്കാര
നിൽ നിന്ന്
കുറെ
ചെറുപഴം
വാങ്ങി.
അയാൾ
പഴങ്ങൾ
ളുക്കത്തിൽ
കുറച്ചാണ് നൽകിയത്.
രാജുവിന് അയാളുടെ
തട്ടിപ്പ് മനസ്സിലായി.
" നിങ്ങൾ പഴങ്ങൾ
ളുക്കിയത്
ശരിയായില്ലല്ലോ "രാജു
അയാളോട് പറഞ്ഞു.

കച്ചവടക്കാരൻ വളരെ
കൗശലപൂർവമാണ്
മറുപടി പറഞ്ഞത് "ഭാരം
കുറവാണെങ്കിൽ മോനു
കൊണ്ടുപോവാൻ
എളുപ്പമാണെല്ലോ എന്ന്
കരുതിയാണ്

രാജു ഒന്നും മിണ്ടാതെ



പഴങ്ങൾ വാങ്ങി പണം
കൊടുത്തു തിരികെ
നടന്നു പണം എണ്ണി
നോക്കിയ
പ്പോൾ
അത്
കൊറവാ
ണ് എന്ന്
കണ്ടു
കച്ചവടക്കാ
രൻ
രാജുവിനെ
ത ിരികെ
വിളിച്ചട്ടു പറഞ്ഞു;"അയ്യോ
കുട്ടി നീ പണം
കുറവാണല്ലോ തന്നത്!"


"ഓ, അതേ, പണം
കുറവാണെങ്കിൽ
നിങ്ങൾക്ക് എണ്ണാൻ
എളുപ്പമാകുമലോ എന്നു
കരുതിയാണ്," രാജു
തിരിച്ചടിച്ചു.

# പണ്ടത്തെപ്പാട്ടുകൾ

നമ്മുടെ മാതാവു കൈരളി പണ്ടൊരു
പൊന്മണിപ്പൈതലായ് വാണകാലം
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസ്സി തോന്നിയ മാതിരിയിൽ
ഏടലർച്ചെങ്കാൽ ചിലങ്ക കിലുങ്ങുമാ
റോടിക്കളിച്ചു രസിച്ചകാലം
പെറ്റമ്മതന്നുടെ വെണ്മുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂംകണ്ണത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം

-സൗരവ്

# കുറുനരിയും കുരങ്ങനും



കാടിനു തൊട്ടടുത്തു താമസിക്കുന്ന കർഷകനു ധാരാളം ആടുകളുണ്ട്. രാത്രിയിലെത്തി അവയെ മോഷ്ടിച്ചു കൊണ്ടുപോകുകയാണ് കുറുനരിയുടെ മുഖ്യപരിപാടി. എത്ര ബലത്തിൽ അടച്ചു പൂട്ടിയാലും അവന്റെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടാനാവുന്നില്ല. ഒടുവിൽ കർഷകൻ വളരെ പണിപ്പെട്ട് ഒരു കെണിയൊരുക്കി വാതിലിനുമുന്നിൽ വച്ചു. പെട്ടെന്നു കണ്ടാൽ കെണിയാണെന്നു തോന്നില്ല. പക്ഷേ അതിനുള്ളിലേക്കു കടന്നാൽ കടക്കുന്നവനെയും കൊണ്ട് നേരെ പൊങ്ങിപ്പോകുകയും ചെയ്യും.

അടുത്ത ദിവസം പാവം കുറുനരി കുരുക്കിൽ പെട്ടെന്ന് പറയേണ്ടതില്ലല്ലോ. കുരുക്കിൽ ളുങ്ങിയാടുന്ന കുറുനരിയെ വെളുപ്പാൻകാലത്തു തന്നെ ആദ്യം കണ്ടത് ഒരു കുരങ്ങനാണ്.

“ഹഹഹ”

കുരങ്ങനു ചിരി അടക്കാൻ കഴിഞ്ഞില്ല.

“പെട്ടു പോയല്ലേ.” കുരങ്ങൻ ചോദിച്ചു.

“പിന്നെ... പെട്ടുപോയതൊന്നുമല്ല. നീയെന്തു മണ്ടനാണ്. രാവിലെയുള്ള ഈ ഈഞ്ഞാലാട്ടം എന്തു രസമാണെന്നോ. ഞാൻ ഇടയ്ക്കിടെ വന്ന് ഇങ്ങനെ കിടന്നാടും. ഹായ് എന്തുരസമാണെന്നോ.”

“വേണ്ട വേണ്ട ചേട്ടൻ പെട്ടുപോയതല്ലേ.””

“ഓ പിന്നേം നിനക്കു മനസ്സിലാവണില്ല. നീ നല്ല ബുദ്ധിമാനല്ലേ. എന്നിട്ടെന്തേ ഇങ്ങനെ? ഈ ആട്ടം ഒന്നു നടത്തിയാൽ പിന്നെ



എല്ലാദിവസവും ആടണമെന്നു തോന്നും. എന്താ ഒരു സുഖം.”

പറഞ്ഞുപറഞ്ഞ് ഒടുവിൽ കുരങ്ങനും അതിൽ ഒന്നാടിയാൽ കൊള്ളാമെന്നു തോന്നി. അടുത്തുവന്ന കുരങ്ങനോടു കുറുനരി സ്നേഹത്തോടെ പറഞ്ഞു.

“ആ കെട്ടഴിച്ചേ, എങ്ങനെയാണെന്നൊക്കെ ഞാൻ പറഞ്ഞുതരാം.”

കുരങ്ങൻ പതിയെ കുറുനരിയെ സ്വതന്ത്രമാക്കി. കുരങ്ങനെ അതിനുള്ളിലാക്കിയ കുറുനരി കുരങ്ങന്റെ പുറം തടവിക്കൊണ്ടു പറഞ്ഞു.

# ഐകമത്യം മഹാബലം

ഒരിടത്തൊരാൾക്ക് വഴക്കാളികളായ നാലാണ്മക്കൾ ഉണ്ടായിരുന്നു. ഇവരുടെ സ്വഭാവം കണ്ടു സഹികെട്ട പിതാവ് ഇവരെ ഒരു പാഠം പഠിപ്പിക്കാൻ തീരുമാനിച്ചു.

അദ്ദേഹം മക്കൾ ഓരോരുത്തരോടും ഓരോ വടി കൊണ്ട് വരാൻ നിർദ്ദേശിച്ചു. മക്കൾ കൊണ്ട് വന്ന വടികൾ എല്ലാം ചേർത്ത് അദ്ദേഹം മക്കളോട് പറഞ്ഞു.
"നിങ്ങൾ ഓരോരുത്തരും ഈ വടിക്കെട്ട് ഒടിക്കണം. "
ഓരോ മക്കളും ആ വാടിക്കെട്ട് ഓടിക്കാൻ ശ്രമിച്ചു പരാജയപ്പെട്ടു. അപ്പോൾ അദ്ദേഹം ആ കെട്ടഴിച്ച് ഓരോ വടിയായി ഒടിക്കാൻ പറഞ്ഞു ഓരോരുത്തരും അവരവർ കൊണ്ട് വന്ന വടി നിഷ്പ്രയാസം ഓടിച്ചു. ഇത് കണ്ട പിതാവ് മക്കളോട് പറഞ്ഞു.
" ഈ വടികൾ ഒരുമിച്ച് ഒരു കെട്ടായി കെട്ടിയപ്പോൾ നിങ്ങൾക്ക് ഒടിക്കുവാൻ സാധിച്ചില്ല. പക്ഷെ കേട്ടഴിച്ചു ഓരോ വടിയായി നിഷ്പ്രയാസം ഒടിക്കുവാൻ സാധിച്ചു. ഇത് പോലെ നിങ്ങൾ ഒരുമിച്ച് നിന്നാൽ ആർക്കും നിങ്ങളെ തോല്പിക്കാൻ സാധിക്കില്ല. "

ഈ വാക്കുകൾ കേട്ട മക്കൾ അവരുടെ തെറ്റ് മനസ്സിലാക്കി. അതിനു ശേഷം തമ്മിൽ തല്ലാതെ ഐക്യത്തോടെ ജീവിക്കാൻ തുടങ്ങി.



25068

എസ് എൻ എച് എസ്  എസ്
എൻ പറവൂർ